പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7638

15.07.2014 ലെ മറുപടിക്ക്

# റിട്ടയർമെന്റ് ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി


ചോദ്യം
ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ.

ഉത്തരം
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)


| | | |
|---|---|---|
| (എ) | 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സംസ്ഥാന സർവ്വീസിൽ നിന്ന് എത്ര പേർ റിട്ടയർ ചെയ്യുന്നുണ്ട് എന്നറിയിക്കുമോ; | 11.03.14 ലെ 22/14/ധന സർക്കുലർ പ്രകാരം പെൻഷൻ അനുവദിക്കുന്ന നടപടികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഓരോ വർഷവും, അടുത്ത 18 മാസത്തേയ്ക്ക് റിട്ടയർ ചെയ്യുന്നവരുടെ ലിസ്റ്റ് വകുപ്പദ്ധ്യക്ഷൻമാർ എല്ലാ ജനുവരിയിലും ജൂലൈയിലും അക്കൗണ്ടന്റ് ജനറലിന് ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ജനുവരി 1 മുതൽ ഡിസംബർ 31 വരെ റിട്ടയർ ചെയ്യുന്നവരുടെ വിവരങ്ങൾ ലഭ്യമാകുന്നതേയുള്ളു. ഇതിന്റെ പൂർണ്ണ വിവരം തിട്ടപ്പെടുത്തിയിട്ടില്ല. |
| (ബി) | 2014 ഡിസംബർ 31 വരെ ഉണ്ടാകുന്ന റിട്ടയർമെന്റ് ഒഴിവുകൾ പ്രതീക്ഷിത ഒഴിവുകളായി പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കുലർ പ്രകാരം എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിൽ ലഭ്യമായിട്ടുളളവിവരം പ്രകാരം 2222 പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| (സി) | പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ പേരിൽ ഏതെങ്കിലും വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തവർക്കെതിരെ നടപടി സ്വീകരിക്കാൻ അതാതു ഭരണ വകുപ്പുകളോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ വകുപ്പുകൾ നടപടി സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത ഉത്തരവ് പാലിക്കാത്ത വകുപ്പുകളുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം വകുപ്പുകളാണെന്ന വിവരം ലഭ്യമാക്കുമോ; | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം ഫുഡ് സേഫ്റ്റി കമ്മീഷണർ, ട്രാൻസ്പോർട്ട് കമ്മീഷണർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, പബ്ളിക് ഇൻസ്ട്രക്ഷൻസ് ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

അക്കൗണ്ട്സ് ഓഫീസർ

അനുബന്ധം വെബ്സൈറ്റിൽ ലഭ്യമാണ്